ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). 79-ാം സ്വാതന്ത്ര്യ ദിന നിറവിൽ രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി.

**Nation celebrates 79th Independence Day today; Prime Minister Narendra Modi hoists national flag and addresses nation from ramparts of Red Fort in Delhi.**

2). സായുധ സേനയുടെ ധീരതയും, കൃത്യതയും അടയാളപ്പെടുത്തുന്നതായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് പ്രധാനമന്ത്രി.

**Operation Sindoor is a powerful testament to the valour and precision of country's armed forces; says Prime Minister.**

3). മികവുറ്റ ആയുധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനായി 'സുദർശൻ ചക്ര' എന്ന പേരിൽ ദൗത്യം നടപ്പിലാക്കുമെന്ന് പ്രധാനമന്ത്രി.

**India to launch Mission Sudarshan Chakra to create powerful weapon system to thwart any attempt by enemies.**

4). ദീപാവലിയോടെ, രാജ്യത്തെ ചരക്കുസേവന നികുതി സംവിധാനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ട് വരുമെന്നും സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപനം.

**PM announces major GST reforms to take effect by Diwali during Independence Day address.**

5). കേരളത്തിലും വിപുലമായ ആഘോഷങ്ങൾ. ജനങ്ങളുടെ ക്ഷേമവും, നാടിൻറെ വികസനവും ഒരുപോലെ ശക്തിപ്പെടുത്തിയാണ് മുമ്പോട്ടുപോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Elaborate celebrations in Kerala. Moving forward by strengthening both the welfare of the people and the development of the state, says Chief Minister Pinarayi Vijayan.**

6). ഇസ്രായേലിൽ നടക്കുന്ന ഗ്രാൻഡ് സ്ലാം ജറുസലേം അത്ലറ്റിക്സ് മീറ്റിൽ ഇന്ത്യയുടെ അങ്കിത ധ്യാനിക്ക് സ്വർണ്ണം.

**India's Ankita Dhyan wins gold at the Grand Slam Jerusalem Athletics Meet in Israel**

===========================================================

## PM - INDEPENDENCE DAY-1

79-ാമത് സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ച് രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി. സായുധ സേനയുടെ ധീരതയും, കൃത്യതയും അടയാളപ്പെടുത്തുന്നതായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് ആഘോഷചടങ്ങിനെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പറഞ്ഞു. സിന്ധു നദീജല കരാർ അന്യായമായിരുന്നുവെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ആണവ ഭീഷണി രാജ്യം വെച്ചുപൊറുപ്പിക്കില്ല. ബഹിരാകാശ മേഖലയിൽ രാജ്യം സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിക്കുകയാണ്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് തിരികെയെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല, ഏതാനും ദിവസങ്ങൾക്കുള്ളിൽ രാജ്യത്ത് മടങ്ങിയെത്തും. ഗഗൻയാൻ ദൗത്യത്തിനും സ്വന്തമായി ബഹിരാകാശ നിലയം എന്ന ലക്ഷ്യത്തിനായും രാജ്യം പ്രവർത്തിക്കുകയാണ്. ബഹിരാകാശ രംഗത്തെ മുന്നൂറോളം സ്റ്റാർട്ടപ്പുകൾ, ആയിരക്കണക്കിന് യുവജനങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

=============================================================

## PM - INDEPENDENCE DAY- 2 - (INTRO)

ഇന്ത്യയെ സ്വാശ്രയ, വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനായാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. അർദ്ധചാലക ദൗത്യവുമായി രാജ്യം മുന്നോട്ട് പോവുകയാണ്. ഈ വർഷം അവസാനത്തോടെ, ഇന്ത്യയിൽ നിർമ്മിച്ച ഇലക്ട്രോണിക് ചിപ്പുകൾ വിപണിയിൽ ലഭ്യമാകും. ഊർജ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കേണ്ടതിൻറെ പ്രാധാന്യം ശ്രീ. മോദി അടിവരയിട്ടു. സൗരോർജ ഉത്പാദനത്തിൽ കഴിഞ്ഞ 11 വർഷങ്ങൾ കൊണ്ട് മുപ്പതിരട്ടി വർധനയുണ്ടായി. പത്ത് പുതിയ ആണവ റിയാക്ടറുകൾ ദ്രുതഗതിയിൽ സജ്ജമാവുകയാണ്. 2047 ഓടെ ആണവോർജ ഉത്പാദനം പത്തിരട്ടിയിലധികം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് ബൈറ്റ് പി.എം......)**

=============================================================

## PM - INDEPENDENCE DAY- 3

രാജ്യത്തിൻറെ വികസന യാത്രയിലെ വഴിവിളക്കായിരുന്നു ഭരണഘടനയെന്ന് പ്രധാനമന്ത്രി പറഞ്ഞു. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനും, ഭരണ നവീകരണത്തിനും ലക്ഷ്യമിട്ട് പരിഷ്കരണ കർമസേന രൂപീകരിക്കുമെന്ന് ശ്രീ. മോദി പ്രഖ്യാപിച്ചു. 10 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കാൻ ഈ കർമസേന രാജ്യത്തെ സജ്ജമാക്കും. ജനസംഖ്യാ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന വെല്ലുവിളികൾ പരിഹരിക്കാൻ ഉന്നത അധികാരത്തോട് കൂടി 'ഡെമോഗ്രഫി മിഷൻ' ആരംഭിക്കും. സമുദ്രവിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ദേശീയ ആഴക്കടൽ പര്യവേക്ഷണ ദൗത്യത്തിനും തുടക്കം കുറിക്കും. രാജ്യത്ത് സ്വന്തമായി ജെറ്റ് എഞ്ചിനുകൾ നിർമ്മിക്കാൻ കഴിയണമെന്നും, ശാസ്ത്രജ്ഞരും യുവാക്കളും ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

=====================================================

## PM - INDEPENDENCE DAY- 4 - (INTRO)

രാജ്യത്തെ യുവജനങ്ങൾക്കായി പുതിയ പദ്ധതി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. 'പി എം വികസിത് ഭാരത് റോസ്ഗാർ യോജന' എന്ന് പേരിട്ടിരിക്കുന്ന പദ്ധതിക്ക് കീഴിൽ, സ്വകാര്യ സ്ഥാപനങ്ങളിൽ ആദ്യമായി ജോലിക്ക് പ്രവേശിക്കുന്ന യുവജനങ്ങൾക്ക് പതിനയ്യായിരം രൂപ വീതം സർക്കാർ നൽകും. മൂന്ന് കോടി അൻപത് ലക്ഷം പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

**(ഹോൾഡ് വോയിസ്- പി എം...................)**

=====================================================

## PM - INDEPENDENCE DAY- 5 - (INTRO)

അടുത്ത പത്ത് വർഷങ്ങൾക്കുള്ളിൽ ദേശീയ സുരക്ഷ- പ്രതിരോധ സംവിധാനങ്ങൾ ആധുനീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മികവുറ്റ ആയുധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനായി 'സുദർശൻ ചക്ര' എന്ന പേരിൽ ദൗത്യം നടപ്പിലാക്കും. നൂറ് വർഷത്തെ ചരിത്രമുള്ള ആർ എസ് എസ്, ലോകത്തെ ഏറ്റവും വലിയ സർക്കാരിതര സംഘടനയാണെന്ന് ശ്രീ. മോദി അഭിപ്രായപ്പെട്ടു. കഠിനാധ്വാനം, സ്വാശ്രയത്വം, സ്വദേശി എന്നിവയിലൂടെ സമൃദ്ധമായ ഇന്ത്യ കെട്ടിപ്പടുക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

ദീപാവലിയോടെ, രാജ്യത്തെ ചരക്കുസേവന നികുതി സംവിധാനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും. ചെറുകിട വ്യവസായത്തെയും, എം.എസ്.എം.ഇ. കളെയും സഹായിക്കുന്നതിനായി, നികുതിയിൽ കുറവ് വരുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(HOLD BYTE PM ..............)**

==========================================================

## PM – INDEPENDENCE DAY– 6

രാജ്ഘട്ടിൽ എത്തി രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിക്ക് ആദരം അർപ്പിച്ച ശേഷമായിരുന്നു സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കായി പ്രധാനമന്ത്രി ചുവപ്പു കോട്ടയിൽ എത്തിയത്. ചുവപ്പുകോട്ടയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും സഹമന്ത്രി സഞ്ജയ് സേത്തും ശ്രീ. മോദിയെ സ്വീകരിച്ചു. തുടർന്ന് അദ്ദേഹം, സേനാവിഭാഗങ്ങൾ നൽകിയ ഗാഡ് ഓഫ് ഓണർ പരിശോധിച്ചു. പ്രധാനമന്ത്രി ദേശീയ പതാക ഉയർത്തിയതിന് പിന്നാലെ വ്യോമസേനാ ഹെലികോപ്റ്ററുകൾ പുഷ്പവൃഷ്ടിയും നടത്തി.

==========================================================

## PREZ– WAR MEMORIAL

സ്വാതന്ത്ര്യ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ദേശീയ യുദ്ധ സ്മാരകത്തിലെത്തി ആദരമർപ്പിച്ചു. സംയുക്ത സൈനിക മേധാവി, മൂന്ന് സേനവിഭാഗങ്ങളുടെ തലവന്മാർ എന്നിവരും രാഷ്ട്രപതിയോടൊപ്പം ഉണ്ടായിരുന്നു.

==========================================================

## INDEPENDENCE DAY– GREETINGS

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ജനങ്ങൾക്ക് സ്വാതന്ത്ര്യദിന ആശംസകൾ നേർന്നു. സ്വതന്ത്ര ഇന്ത്യ എന്ന ബഹുമതി നമുക്ക് നൽകിയ എണ്ണമറ്റ വീരന്മാരുടെ ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും പരമമായ നിസ്വാർത്ഥതയുടെയും പവിത്രമായ ഓർമ്മപ്പെടുത്തലാണ് ഈ ദിനംമെന്ന് ശ്രീ സിംഗ് പറഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ത്യാഗം ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളെയും, രാജ്യത്തിന്റെ ഐക്യവും, അഖണ്ഡതയും, അഭിമാനവും സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന ധീരരായ സൈനികരെയും സ്വാതന്ത്ര്യ ദിനത്തിൽ

അനുസ്മരിക്കുന്നതായി, സ്വാതന്ത്ര്യ ദിന സന്ദേശത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, ലോക്സഭ സ്പീകർ ഓം ബിർള തുടങ്ങിയവരും സ്വാതന്ത്ര്യ ദിനാശംസകൾ നേർന്നു.

==========================================================

## RED FORT– SPECIAL GUEST

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള എൻ.എസ്.എസ്.എച്ച് പദ്ധതിയുടെ നൂറ് ഗുണഭോക്താക്കൾ പ്രത്യേക അതിഥികളായി ചുവപ്പ് കോട്ടയിൽ നടന്ന സ്വാതന്ത്ര്യദിന ചടങ്ങിൽ പങ്കെടുത്തു. ആറ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ആറ് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ഗുണഭോക്താക്കളാണ് പങ്കെടുത്തത്. 2016-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് എൻ.എസ്.എസ്.എച്ച് പദ്ധതി ആരംഭിച്ചത്.

==========================================================

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================================

## INDEPENDENCE DAY KERALA – (INTRO)

കേരളത്തിലും സ്വാതന്ത്ര്യദിനത്തിൻറെ ഭാഗമായി വിപുലമായ ആഘോഷപരിപാടികളാണ് നടക്കുന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ മുറുകെപ്പിടിച്ചുള്ള കൂട്ടായ പോരാട്ടമാണ്, ഇന്ത്യയ്ക്ക് ലഭിച്ച സ്വാതന്ത്ര്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളുടെ ക്ഷേമവും, നാടിൻറെ വികസനവും ഒരുപോലെ ശക്തിപ്പെടുത്തിയാണ് മുന്നോട്ടുപോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

**(HOLD FOR BYTE – മുഖ്യമന്ത്രി.........)**

രാജ്യപുരോഗതിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്വാതന്ത്രദിന സന്ദേശത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആഹ്വാനം ചെയ്തു. എല്ലാ ജില്ലകളിലും, മന്ത്രിമാരുടെ നേതൃത്വത്തിൽ വിപുലമായ ആഘോഷപരിപാടികൾ നടന്നു.

കേരള നിയമസഭ, വിവിധ കേന്ദ്ര- സംസ്ഥാന സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിൽ സ്വാതന്ത്ര്യ ദിന ആഘോഷം സംഘടിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം നിലയത്തിലും സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ നടന്നു.

==============================================================

## INDEPENDENCE DAY MEDALS

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള പോലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സേവന മെഡലുകൾക്ക് 1,090 പേർ അർഹരായി. 233 പേർക്ക് ധീരതയ്ക്കുള്ള മെഡലും, 99 പേർക്ക് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലും 758 പേർക്ക് സ്തുത്യർഹ സേവനത്തിനുള്ള മെഡലും ലഭിച്ചു . കേരളത്തിൽ നിന്നും എസ്.പി അജിത് വിജയൻ വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡൽ നേടി. സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലുകൾക്ക് സംസ്ഥാനത്ത് നിന്നുള്ള 10 ഉദ്യോഗസ്ഥർ അർഹരായി. എട്ട് കരസേന ഉദ്യോഗസ്ഥർക്ക് ശൗര്യചക്ര പുരസ്കാരം ലഭിച്ചു.

==============================================================

## REV. KISHTWAR CLOUDBURST

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ ഇന്നലെ ഉണ്ടായ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ട് സി.ഐ.എസ്.എഫ് ജവാന്മാർ ഉൾപ്പടെ 45 പേർ മരിച്ചതായും 120 പേരെ രക്ഷപെടുത്തിയതായും ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. മച്ചൈൽ മാതാ ദേവാലയത്തിലേക്കുള്ള വാർഷിക യാത്ര താത്കാലികമായി നിർത്തിവെച്ചു. ഇന്ത്യൻ സേന, ദേശീയ- സംസ്ഥാന ദുരന്ത നിവാരണ സംഘം, പൊലീസ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് രക്ഷാ പ്രവർത്തനം. സംഭവത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി , കേന്ദ്ര മന്ത്രിമാർ തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി.

==============================================================

## ATHLETICS – GOLD

ഇസ്രായേലിൽ നടക്കുന്ന ഗ്രാൻഡ് സ്ലാം ജറുസലേം അത്ലറ്റിക്സ് മീറ്റിൽ ഇന്ത്യയുടെ അങ്കിത ധ്യാനിക്ക് സ്വർണ്ണം. വനിതകളുടെ 2000 മീറ്റർ സ്റ്റീപ്പിൾചേസിലാണ് നേട്ടം. ഇതോടെ ഈ ഇനത്തിലെ ദേശീയ റെക്കോർഡ് ഒളിമ്പ്യൻ അങ്കിത മറികടന്നു. അങ്കിതയുടെ വിജയം അടുത്ത മാസം ജപ്പാനിൽ നടക്കാനിരിക്കുന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത ഉറപ്പിച്ചിട്ടുണ്ട്.

============================================================

## TRUMP – PUTIN

യു.എസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ഇന്ന് നടക്കും. അലാസ്കയിലെ ആങ്കറേജിലുള്ള യുഎസ് സംയുക്ത സൈനിക താവളത്തിലാണ് യോഗം. യോഗത്തിന് മുന്നോടിയായി, യുക്രെനിലെ യുദ്ധം അവസാനിപ്പിക്കാൻ പുടിൻ തയ്യാറാണെന്ന് വിശ്വസിക്കുന്നതായി ട്രംപ് പറഞ്ഞു. അതേസമയം റഷ്യയ്ക്കും ഉക്രെയ്നിനും ഇടയിലും യൂറോപ്പിലുടനീളവും സമാധാന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന കരാറുകളിൽ എത്തേണ്ടത് അത്യാവശ്യമാണെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ പറഞ്ഞു.

============================================================

## RAIN –KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെയും കർണാടക തീരത്ത് ഈ മാസം 18 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

============================================================

============================================================

============================================================